ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ ശോചനീയാവസ്ഥ

162 [5307] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് ദ്രവിച്ച് തകർന്ന് വീഴാൻ പാകത്തിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷക്കാലത്ത് ചോർച്ച കാരണം ഫയലുകൾ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്. അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതി

163 [5308] ശ്രീ. കെ. പി. മോഹനൻ :
" സി. കെ. നാണു:
" എ. സി. ഷൺമുഖദാസ്:
" ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതിപ്രകാരം സംസ്ഥാനത്തെ എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതിപ്രകാരം 2000-01 വർഷം സംസ്ഥാനത്തെ 33 റോഡുകൾക്കും 2001-02 വർഷം 184 റോഡുകൾക്കും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പി.എം.ജി.എസ്.വൈ.-യിൽ നിന്നും ഗ്രാമീണ റോഡ് നിർമ്മാണത്തിന് വകിച്ച തുക

164 [5309] ശ്രീ. കെ. പി. രാജേന്ദ്രൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം 2002-2003 വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് സംസ്ഥാനത്തിന് ലഭിച്ച സംഖ്യയെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനങ്ങൾക്ക് ഈ പദ്ധതി പ്രകാരം റോഡ് നിർമ്മാണത്തിന് സംഖ്യ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; ഈ മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട തുക ഇതുവരെ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് പ്രസ്തുത പദ്ധതിക്ക് ആവശ്യപ്പെട്ട സഹായമെത്രയാണ്; എത്ര റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കേന്ദ്രത്തിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ അനുവദിക്കപ്പെട്ട റോഡുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ഇ) 2003-04 വർഷം എത്ര കോടി രൂപയുടെ സഹായമാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള റോഡുകളുടെ വീതി എട്ടു മീറ്ററിൽ നിന്ന് ആറു മീറ്ററാക്കി കുറച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമീൺ സഡക് യോജന പദ്ധതിക്കായി 2001-2002 വർഷത്തിൽ 27.65 കോടി രൂപയും, 2002-2003 വർഷത്തിൽ 11.43 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) അഞ്ഞൂറിലധികം ജനസംഖ്യയുള്ള ഒറ്റപ്പെട്ട സങ്കേതങ്ങളെ പ്രധാന നിരത്തുമായി ബന്ധപ്പെടുത്താനുള്ള പദ്ധതിയാണിത്. ഏറ്റവും കൂടുതൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ സവിതി ചെയ്യുന്ന ബ്ലോക്കുകൾ ജില്ലാതലത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് തയ്യാറാക്കിയ ഗ്രാമീണ റോഡുകളുടെ പ്രോജക്ടുകൾക്കാണ് സഹായം അനുവദിക്കുന്നത്. കേരളത്തിന്റെ വിഹിതം ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 2000-2001-ൽ 19.71 കോടി രൂപ അടങ്കലുള്ള നാല് പാക്കേജുകളും, 2001-2002-ൽ 47.65 കോടി രൂപ അടങ്കലുള്ള 37 പാക്കേജുകളും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇവയ്ക്ക് യഥാക്രമം 17.96 കോടി രൂപയും 46.18 കോടി രൂപയ്ക്കുമുള്ള സാങ്കേതികാനുമതി ലഭിച്ചു. 2002-03-ൽ 20.76 കോടി രൂപ അടങ്കൽ തുക വരുന്ന 14 പാക്കേജുകൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) 2003-04-ലേയ്ക്കുള്ള പാക്കേജുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. മൊത്തം 40 കോടി തുകയെങ്കിലും സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പദ്ധതിയുടെ പൊതുവായ നിബന്ധനകളിൽ റോഡിന്റെ വീതി ആറു മീറ്ററായി കുറയ്ക്കുന്ന ഉത്തരവുകളൊന്നും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. എന്നാൽ പ്രത്യേക കേസുകളിൽ ഇളവ് അനുവദിക്കുന്നുണ്ട്.

കേരംസിന്റെ വിപണന കേന്ദ്രങ്ങൾ

165 [5310] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ വിപണന വിഭാഗമായ കേരള റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്) യുടെ ചുമതലയിൽ എത്ര വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കൂടിയുള്ള കഴിഞ്ഞ വർഷത്തെ വിറ്റുവരവ് എത്ര യാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലയിലെയും പ്രധാന മേഖലകളിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്ന തിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇടുക്കി ജില്ലയിൽ ഏവിടെയൊക്കെയാണ് പുതിയ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു (തിരുവനന്തപുരത്തും, എറണാകുളത്തും).

(ബി) കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 52.52 ലക്ഷം രൂപ.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വണ്ടിപെരിയാറിൽ ജില്ലാ സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു വിപണന കേന്ദ്രം തുടങ്ങിയിട്ടുണ്ട്.

500-ൽ കൂടുതൽ ജനവാസമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ

166 [T5311] ശ്രീ. അടൂർ പ്രകാശ്:
" വി. ജെ. ജോയി:
" വി. ജെ. പൗലോസ്:
" എ. വി. അനിൽകുമാർ:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം പദ്ധതിയുടെ പ്രാരംഭത്തിൽ 500-ൽ കൂടുതൽ ജനവാസമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള എത്ര കിലോമീറ്റർ റോഡുണ്ടായിരുന്നു;

(ബി) പ്രസ്തുത പദ്ധതിക്കാലത്ത് ഇത്തരത്തിലുള്ള എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly